**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ബൈസൺവാലി ഗ്രാമ പഞ്ചായത്ത്-കുടുംബശ്രീ ചെറുകിട വ്യവസായ സംരംഭത്തിന് ക്യാരേജ് വാഹനം - വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം.496/2013/തസ്വഭവ. തിരുവനന്തപുരം, തീയതി, 27.02.2013.

---

പരാമർശം:-1.ബൈസൺവാലി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ 05.02.2013 ലെ എ2-619/2013 നമ്പർ കത്ത്.

2.ബൈസൺവാലി ഗ്രാമ പഞ്ചായത്തിന്റെ 23.11.12, 16.02.2013 എന്നീ തീയതികളിൽ നടന്ന സാധാരണ മീറ്റിംഗിലെ 26-ാം നമ്പർ തീരുമാനവും 21(8)-ാം നമ്പർ തീരുമാനവും.

<u>ഉത്തരവ്</u>

ബൈസൺവാലി ഗ്രാമ പഞ്ചായത്തിന്റെ 2012-13 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടിയ പ്രോജക്ട് നമ്പർ 91/13 കുടുംബശ്രീ ചെറുകിട വ്യവസായ സംരംഭത്തിന് ക്യാരേജ് വാഹനം വാങ്ങുന്നതിനുള്ള അനുമതിക്കായി ബൈസൺവാലി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് പരാമർശം (1) പ്രകാരം സർക്കാരിനോട് അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബൈസൺവാലി ഗ്രാമ പഞ്ചായത്തിന്റെ 2012-13 വർഷത്തിലെ വികസന ഫണ്ടിൽ നിന്നും 7,50,000/- (ഏഴു ലക്ഷത്തി അൻപതിനായിരം) രൂപ ചെലവഴിച്ച് കുടുംബശ്രീ ചെറുകിട വ്യവസായ സംരംഭത്തിന് ഒരു ക്യാരേജ് വാഹനം വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻപ്രകാരം

സി.വൽസല
ജോയിന്റ് സെക്രട്ടറി.

1.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം
2.അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ&എ) കേരള, തിരുവനന്തപുരം
3.പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
4.സെക്രട്ടറി, ബൈസൺവാലി ഗ്രാമ പഞ്ചായത്ത്, ഇടുക്കി.
5.എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.
6.കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.